**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T 1381** — **22.03.2013 - ലെ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ളവർക്ക് ഇപ്പോൾ നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെയും ഇളവുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | 01/04/2004 മുതൽ 31/03/2009 വരെ വിദ്യാഭ്യാസ വായ്പയെടുത്ത് BPL വിഭാഗത്തിൽപ്പെടുന്ന തൊഴിൽ രഹിതരുടെ പഠനകാലത്തെ പലിശ ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇത് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (ബി) ഇതുവരെ പ്രസ്തുത ആവശ്യമുന്നയിച്ച് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (ബി) | **ഇതുവരെ ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം താഴെപ്പറയും പ്രകാരമാണ്:** |

| | |
|---|---|
| തിരുവനന്തപുരം | - 1010 |
| കൊല്ലം | - 1406 |
| പത്തനംതിട്ട | - 1069 |
| ആലപ്പുഴ | - 2506 |
| കോട്ടയം | - 3320 |
| ഇടുക്കി | - 2105 |
| എറണാകുളം | - 609 |
| തൃശ്ശൂർ | - 364 |
| മലപ്പുറം | - 226 |
| പാലക്കാട് | - 200 |
| കോഴിക്കോട് | - 543 |
| വയനാട് | - 686 |
| കണ്ണൂർ | - 406 |
| കാസർഗോഡ് | - 137 |
| **ആകെ** | **- 14587** |

| | | | |
|---|---|---|---|
| (സി) | വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെടാത്തവരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ; | (സി) | വിദ്യാഭ്യാസ വായ്പയെടുത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെടാത്തവർക്കുകൂടി പലിശയിളവനുവദിക്കുന്നത് സർക്കാരിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന നടപടിയാണ്. |
| (ഡി) | സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | വിദ്യാഭ്യാസ വായ്പയെടുത്ത 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരുടെ പലിശ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതാണെന്ന് 2013-14 വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കുകയും ഇതിനായി 25 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ